കേൾക്കേണ്ട ശബ്ദം:

ദേശസ്നേഹത്തിന്റെ സർട്ടിഫിക്കറ്റും അതിന്റെ കാർഡും കീശയിലിട്ട് നടക്കേണ്ട ഒരു ഗതികേടാണ് നമുക്ക് ഇന്നുള്ളത്.

-ടി.പത്മനാഭൻ

മക്തബ്

1192 ധനു 25 1438 റ. ഉൽ ആഖിർ 10

ബുദ്ധിജീവികൾ അവസരവാദികൾ

നോട്ടുവിവാദവുമായി ബന്ധപ്പെട്ട് മലയാളത്തിന്റെ പ്രിയസാഹിത്യകാരൻ എം.ടി.വാസുദേവൻ നായർ നടത്തിയ അഭിപ്രായപ്രകടനത്തെ വിമർശിച്ച സംഘപരിവാർ നിലപാടിന് എതിരേ കേരളത്തിലെ കലാകാരന്മാരും സാഹിത്യകാരന്മാരും അടങ്ങിയ ബുദ്ധിജീവിവിഭാഗം രൂക്ഷമായ പ്രതികരണമാണ് ഉയർത്തിയത്. കേരളത്തിന്റെ പല ഭാഗങ്ങളിലും കൺവെൻഷനുകൾ, പൊതുയോഗങ്ങൾ എന്നിവ സംഘടിപ്പിച്ചു. നവമാധ്യമങ്ങളിലൂടെ ഒക്കെ വിമർശനങ്ങൾ ഉയർത്തി.

എം.ടിക്ക് മോദി സർക്കാരിന്റെ നിലപാടുകളെ വിമർശിക്കാൻ അധികാരമുണ്ട്. അതുപോലെ തന്നെ എം.ടിയുടെ നിലപാടുകളെ വിമർശിക്കാനും മറ്റുള്ളവർക്ക് അധികാരമില്ലേ. തീർച്ചയായും എം.ടിയെ അപഹസിക്കുന്ന രീതിയിലുള്ള ചില അഭിപ്രായപ്രകടനങ്ങൾ സംഘപരിവാർ നേതാക്കളിൽ ചിലരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്. അത് ഒഴിവാക്കേണ്ടതാണ്. എന്നാൽ ഇവിടത്തെ കക്ഷിരാഷ്ട്രീയ നേതൃത്വങ്ങളുടെ പതിവ് രീതി തന്നെയാണ് സംഘപരിവാർ നേതാക്കളിൽ ചിലരും പിന്തുടർന്നത് എന്ന യാഥാർത്ഥ്യവും മറക്കരുത്. നോട്ടുനിരോധന വിഷയത്തിൽ നരേന്ദ്രമോദിയെ പിന്തുണച്ച നടൻ മോഹൻലാലിന് എതിരേ ഇതിലും രൂക്ഷമായ പ്രതികരണങ്ങൾ ഉയർന്നിരുന്നുവെന്ന കാര്യവും മറക്കരുത്. മോഹൻലാലിനെ വിമർശിക്കുന്നത് ന്യായവും എം.ടിയെ വിമർശിക്കുന്നത് അസഹിഷ്ണുതയുമായി മാറുന്നത് എങ്ങനെയാണ്. അവസരവാദപരമായ നിലപാടാണിത്. വിമർശന സ്വാതന്ത്ര്യം എന്നത് ഏതെങ്കിലും ഒരു പക്ഷത്തിന് മാത്രം അവകാശപ്പെട്ടതല്ല.

ഈ കോലാഹലങ്ങൾ എല്ലാം നടക്കുമ്പോഴാണ് കമൽസി ചവറ എന്ന എഴുത്തുകാരന് എതിരേ കേരള പോലീസ് കേസെടുത്തത്. ദേശീയഗാന വിവാദവുമായി ബന്ധപ്പെട്ട് കഥയെഴുതുകയും ഫെയ്സ്ബുക്കിൽ അഭിപ്രായപ്രകടനം നടത്തുകയും ചെയ്തതിനാണ് അദ്ദേഹത്തെ പീഡിപ്പിച്ചത്. കമലിനെ ആശുപത്രിയിൽ സന്ദർശിക്കാൻ എത്തിയ നദീർ എന്ന പരിസ്ഥിതി പ്രവർത്തകനെ പോലീസ് കസ്റ്റഡിയിലെടുത്ത് പീഡിപ്പിക്കുകയും ചെയ്തു. മാവോയിസ്റ്റുകളെ രൂക്ഷമായി വിമർശിച്ച്, താൻ നവസാമൂഹ്യ പ്രസ്ഥാനങ്ങളുടെ പക്ഷത്താണെന്ന് മാസങ്ങൾക്ക് മുമ്പ് 'മാതൃഭൂമി' ആഴ്ചപതിപ്പിൽ ലേഖനം എഴുതിയ അദ്ദേഹത്തെയാണ് ആറളത്ത് മാവോയിസ്റ്റ് പ്രസിദ്ധീകരണം വിതരണം ചെയ്തെന്ന് ആരോപിച്ച് രണ്ടുദിവസത്തോളം പോലീസ് കസ്റ്റഡിയിൽ വച്ചത്. ഒടുവിൽ പ്രതിഷേധം ശക്തമായതോടെയാണ് കേസെടുക്കാതെ നദീറിനെ വിട്ടയച്ചത്. കേരളം എം.ടിക്കൊപ്പം തുടങ്ങിയ പേരുകളിൽ പരിപാടികൾ സംഘടിപ്പിച്ചവരൊന്നും ഈ സംഭവങ്ങളിൽ പ്രതിഷേധം ഉയർത്താൻ മുന്നോട്ടുവരിക ഉണ്ടായില്ല എന്നതല്ലേ യാഥാർത്ഥ്യം. കാപട്യമാണിത്.

പെരുമാൾ മുരുകന് വേണ്ടി ശബ്ദം ഉയർത്താം. കൽബുർഗിക്കും നരേന്ദ്ര ദഭോൽക്കർക്കും ഗോവിന്ദ് പൻസാരെക്കും വേണ്ടി ശബ്ദിക്കാം. അതൊക്കെ അങ്ങനെ തന്നെ വേണം. എന്നാൽ കേരളത്തിൽ പെരുമാൾ മുരുകന്റെ അവസ്ഥയെ ഒരു എഴുത്തുകാരൻ അഭിമുഖീകരിക്കുമ്പോൾ എവിടെ പോയി പ്രതിഷേധ വ്യാപാരികൾ? അതിന്റെ അർത്ഥം അഭിപ്രായ പ്രകടന സ്വാതന്ത്ര്യമോ, ആവിഷ്ക്കാര സ്വാതന്ത്ര്യമോ ഒന്നുമല്ല ഇക്കൂട്ടരുടെ പ്രശ്നം എന്നതല്ലേ? മറിച്ച് രാഷ്ട്രീയ നേതൃത്വങ്ങളെ തൃപ്തിപ്പെടുത്താനുള്ള വില കുറഞ്ഞ അടവുകൾ മാത്രമാണ് എം.ടി വിഷയത്തിലടക്കം പ്രകടമാകുന്നത്. അതേ സമയം എല്ലാ പ്രശ്നങ്ങളിലും കക്ഷിരാഷ്ട്രീയം നോക്കാതെ പ്രതികരിക്കുന്ന ബുദ്ധിജീവികളുണ്ടിവിടെ. കമൽ വിഷയത്തിലും രജീഷ് കൊല്ലക്കണ്ടി വിഷയത്തിലും അടക്കം പ്രതികരിക്കാൻ തയ്യാറായവർ. എന്നാൽ അവരുടെ എണ്ണം വളരെ പരിമിതമാണ്.

കക്ഷിരാഷ്ട്രീയ യജമാനൻമാരുടെ താൽപ്പര്യത്തിന് അനുസരിച്ച് പ്രതികരിക്കുന്ന ബുദ്ധിജീവികൾ കേരളത്തിന്റെ ശാപമാണ്. അവർ എല്ലാ സ്വതന്ത്രചിന്തകളുടെയും വളർച്ച തടയുകയാണ് ചെയ്യുന്നത്. അതിന്റെ ഏറ്റവും നല്ല തെളിവാണ് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതവുമായി ബന്ധപ്പെട്ട പഠനങ്ങളും ഇടപെടലുകളും കലയും സാഹിത്യവും ഒന്നും കേരളത്തിൽ വളർന്നുവരാത്തത്. എന്നാൽ കേരളത്തിന് പുറത്തുള്ള അവസ്ഥ അങ്ങനെയല്ല. അരികു ജീവിതങ്ങളെ കുറിച്ചുള്ള ഗംഭീര പഠനങ്ങളും ഇടപെടലുകളും ഒക്കെ കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലും കലയിലും സാഹിത്യത്തിലും ഒക്കെ ഈ മാറ്റം കേരളത്തിന് വെളിയിൽ പ്രകടമാണ്. സ്ത്രീകൾ, ദളിതർ, ആദിവാസികൾ, മത ന്യൂനപക്ഷങ്ങൾ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരെ കുറിച്ചുള്ള അതിശക്തമായ നാടകങ്ങളും സിനിമയും ഒക്കെ കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ സജീവമാണ്. എന്നാൽ കേരളത്തിൽ ഇടതുപക്ഷം അതിനെയൊക്കെ ഹൈജാക്ക് ചെയ്യുകയാണ്. ഇടതുപക്ഷത്തിന്റെ കീഴെ മാത്രമായിരിക്കണം എല്ലാമെന്ന ശാഠ്യമാണ്. ഇങ്ങനെയൊരു അവസ്ഥ സൃഷ്ടിക്കുന്നത്. ഇടതുപക്ഷമാകട്ടെ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ സവിശേഷ വിഷയങ്ങൾ ഉന്നയിക്കുന്നതിൽ തികഞ്ഞ പരാജയവുമാണ്. ഈ കാപട്യം അവസാനിപ്പിച്ച് എല്ലാ സത്യങ്ങളെയും യാഥാർത്ഥ്യങ്ങളെയും അംഗീകരിക്കാൻ കഴിയുന്ന രീതിയിലേക്ക് ഇടതുപക്ഷ പ്രസ്ഥാനം വികസിക്കേണ്ടിയിരിക്കുന്നു.

രയരോം പുഴയിലെ മാലിന്യങ്ങൾ എൻ.എസ്.എസ് വളയണ്ടിയർമാർ നീക്കം ചെയ്യുന്നു

രയരോം പുഴയിലെ മാലിന്യങ്ങൾ വിദ്യാർത്ഥികൾ നീക്കി

ആലക്കോട്: മാലിന്യ നിക്ഷേപം അതിരൂക്ഷമായ രയരോം പുഴയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ എൻ.എസ്.എസ് വളണ്ടിയർമാരുടെ നേതൃത്വത്തിൽ നീക്കം ചെയ്തു. കണിയഞ്ചാൽ ഗവ. ഹയർസെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് ആഭിമുഖ്യത്തിലാണ് മാലിന്യങ്ങൾ നീക്കിയത്. രയരോം ഗവ. ഹൈസ്കൂളിൽ നടന്ന എൻ.എസ്.എസ് സപ്തദിന ക്യാമ്പിനെത്തിയ വിദ്യാർത്ഥികളാണ് ശ്രമദാനം നടത്തിയത്. ജില്ലാ പഞ്ചായത്ത് മെമ്പർ സുമിത്ര ഭാസ്കരൻ ശുചീകരണം ഉദ്ഘാടനം ചെയ്തു.

ഹാസ്യരചനാ മത്സരം

കണ്ണൂർ: നർമവേദി 2016ലെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ തമാശകൾ എന്ന വിഷയത്തിൽ ജില്ലാതല ഹാസ്യരചനാ മത്സരം നടത്തും. ഫുൾ സ്കാപ്പ് മൂന്ന് പേജിൽ കവിയാത്ത രചനകൾ ആർ.പ്രഭാകരൻ, പ്രസിഡണ്ട് നർമ്മവേദി, കൃഷ്ണ മേനോൻ നഗർ, കണ്ണൂർ-4 എന്ന വിലാസത്തിൽ അയക്കണം. മികച്ച രചനകൾക്ക് പുരസ്കാരം സമ്മാനിക്കും.

ബയോക്കമിസ്ട്രിയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ കെ.ദിവ്യ മേനോൻ. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞനായ തടിക്കടവിലെ ഡോ.പി. സുജനപാലിന്റെ ഭാര്യയാണ്. തൃശൂർ കുറ്റുമുക്കിലെ ദിവാകര മേനോന്റെയും രാജേശ്വരിയുടെയും മകളാണ്.

ധനുമാസത്തിലെ തിരുവാതിര 11ന്

തളിപ്പറമ്പ: കാഞ്ഞിരങ്ങാട് ക്ഷേത്രത്തിലെ ധനുമാസത്തിലെ തിരുവാതിര 11നും കയ്യത്ത് നാഗം ക്ഷേത്രത്തിലെ ധനുമാസ ആയില്യം ഉത്സവം14നും നടക്കും.

സെമിനാർ 14ന്

നടുവിൽ: നടുവിൽ സെൻട്രൽ ലൈബ്രറിയുടെയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശാസ്ത്രവും ശാസ്ത്രബോധവും എന്ന വിഷയത്തിലുള്ള ക്ലാസ് 14ന് വൈകുന്നേരം നാല് മണിക്ക് നടുവിൽ ഗവ. പ്രീ മെട്രിക് ഹോസ്റ്റലിൽ നടക്കും. പ്രൊഫ. എൻ.കെ.ഗോവിന്ദൻ ക്ലാസ് നയിക്കും. കെ.വി.ഹരിദാസ് സ്വാഗതവും എ.വി.ജയചന്ദ്രൻ നന്ദിയും പറയും.

ജലസംരക്ഷണ ക്ലാസ് നടത്തി

നടുവിൽ: സെൻട്രൽ ലൈബ്രറിയുടെയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ലൈബ്രറിയിൽ ജലസംരക്ഷണ ക്ലാസ് നടത്തി.

കെ.ആർ.ആർ.വർമ്മ ക്ലാസെടുത്തു. പ്രസിഡണ്ട് കെ.പി. ഫൽഗുനൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് ടി.വി.രാജൻ സ്വാഗതവും അപ്പോഴയിൽ സുകുമാരൻ നന്ദിയും പറഞ്ഞു.

ചിത്രോത്സവം 26ന്

കണ്ണൂർ: മാധവറാവുസിന്ധ്യ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ചിത്രോത്സവം 2017 സംഘടിപ്പിക്കുന്നു. ചിത്രോത്സവ വിജയികൾക്ക് സ്വർണ്ണ മെഡലുകൾ സമ്മാനിക്കും. 26ന് രാവിലെ 9.30ന് ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിലാണ് ചിത്രോത്സവം നടക്കുക. 2017ൽ എൽ.കെ.ജി മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാർത്ഥികൾക്ക് കളറിംഗ്, എൽ.പി വിഭാഗത്തിന് പെൻസിൽ/ക്രയോൺസ് ഡ്രോയിംഗ്, യു.പി, ഹൈസ്കൂൾ, സെക്കണ്ടറി വിഭാഗത്തിന് വാട്ടർകളർ ഇനങ്ങളിലാണ് മത്സരം. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ട്രസ്റ്റ് പ്രത്യേകം തയ്യാറാക്കിയ ഫോറത്തിൽ അപേക്ഷിക്കണം.

അപേക്ഷാ ഫോറങ്ങൾ മാധവറാവുസിന്ധ്യ ആശുപത്രിയിലും ജോൺമിൽ റോഡിലെ കിംസ്റ്റ് ഹോസ്പിറ്റലിൽ നിന്നും കണ്ണൂർ മാളിൽ പ്രവർത്തിക്കുന്ന മാധവറാവുസിന്ധ്യാ മെമ്മോറിയൽ ടൂർസ് ആന്റ് ട്രാവൽസിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ തളാപ്പ് പാമ്പൻ മാധവൻ റോഡിലുള്ള മാധവറാവുസിന്ധ്യ ആശുപത്രിയിൽ 23ന് എത്തിക്കേണ്ടതാണ്.

ട്രസ്റ്റിന്റെ www.mrshospital.co.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത മത്സരത്തിന് വരുമ്പോൾ ഐ.ഡി കാർഡ് കൊണ്ടുവരേണ്ടതാണ്.

വയോജനങ്ങൾ സമരത്തിലേക്ക്; 27ന് കലക്ട്രേറ്റ് മാർച്ച്

കണ്ണൂർ: വയോജന പെൻഷനുകൾ സംബന്ധിച്ചുള്ള 2016ലെ ഉത്തരവ് പിൻവലിക്കണമെന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ നിഷേധത്തിനെതിരെ കേരള സീനിയർ സിറ്റിസൺസ് ഫോറം ജില്ലാ കമ്മിറ്റി ആഭിമുഖ്യത്തിൽ 27ന് കാലത്ത് 10 മണിക്ക് സ്റ്റേഡിയം കോർണറിൽ നിന്നും കലക്ട്രേറ്റിലേക്ക് ബഹുജന മാർച്ച് നടക്കും. ജില്ലാ കമ്മിറ്റി യോഗത്തിൽ പ്രസിഡണ്ട് എം.പി.ഭട്ടതിരിപ്പാട് അധ്യക്ഷത വഹിച്ചു.

വി.സി.ചന്ദ്രൻ, അഗസ്റ്റിൻ കുളത്തൂർ, മാലൂർ പി.കുഞ്ഞികൃഷ്ണൻ, കെ.വി.സുകുമാരൻ, സി.കെ.രഘുനാഥൻ നമ്പ്യാർ, പി. നാരായണൻ മാസ്റ്റർ, കെ.വി.സക്കറിയാസ്, കെ.വി.ശിവരാമൻ, ബാവ നാരായണൻ സംസാരിച്ചു.

ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മയിൽ പു ക സയുടെ ആയിരംപേർ

കണ്ണൂർ: ഫിദൽ കാസ്ട്രോക്ക് കണ്ണൂർ നൽകുന്ന ആദരവിലും ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മയിലും ആയിരം സാംസ്കാരിക പ്രവർത്തകരെ പങ്കെടുപ്പിക്കാൻ പുരോഗമന കലാസാഹിത്യസംഘം തീരുമാനിച്ചു. പത്തിനാണ് ടൗൺ സ്ക്വയറിൽ സാംസ്കാരിക പ്രതിരോധവും അനുസ്മരണവും സംഘടിപ്പിക്കുന്നത്. ലൈബ്രറി കൗൺസിലിന്റെയും പുരോഗമന കലസാഹിത്യ സംഘത്തിന്റെയും നേതൃത്വത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

എംടിക്ക് പിന്തുണ പ്രഖ്യാപിച്ച് ആയിരക്കണക്കിന് സാംസ്കാരിക പ്രവർത്തകർ നാല് മണി മുതൽ വൻ ബാനറിൽ കയ്യൊപ്പ് ചാർത്തും. പരിപാടി വിജയിപ്പിക്കാൻ മുഴുവൻ സാംസ്കാരിക പ്രവർത്തകരും രംഗത്തിറങ്ങണമെന്ന് സംഘം ജില്ലാ പ്രസിഡന്റ് നാരായണൻ കാവുമ്പായിയും സെക്രട്ടറി എം കെ മനോഹരനും അഭ്യർത്ഥിച്ചു.

സീനിയർ ജേർണലിസ്റ്റ് ഫോറം അനുശോചിച്ചു

കണ്ണൂർ: സീനിയർ ജേർണലിസ്റ്റ് ഫോറം ജില്ലാ എക്സിക്യൂട്ടീവ് അംഗവും മുൻ ആകാശവാണി ലേഖകനുമായ എ.പി. മൂസാൻകുട്ടിയുടെ നിര്യാണത്തിൽ ഫോറം ജില്ലാ കമ്മിറ്റി അനുശോചിച്ചു.

പ്രസ് ക്ലബ് പ്രസിഡണ്ട് കെ.ടി. ശശി അധ്യക്ഷത വഹിച്ചു. ഫോറം നേതാക്കളായ ഒ. കരുണൻ, മുണ്ടേരി മുഹമ്മദ്, ടി.പി. വിജയൻ, കണ്ണൂർ കോർപ്പറേഷൻ കൗൺസിലർ തൈക്കണ്ടി മുരളി, ഡി.സി.സി സെക്രട്ടറി ഒ.വി. ജാഫർ, മുൻ പി.ആർ.ഡി. ഡയറക്ടർ കെ.യു. ബാലകൃഷ്ണൻ, ആദം ചൊവ്വ സംസാരിച്ചു.

ഫോറം ജില്ലാ സെക്രട്ടറി എം.വി. രവീന്ദ്രൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി സി. ബി. മുഹമ്മദലി നന്ദിയും പറഞ്ഞു.

ഫോറം സംസ്ഥാന പ്രസിഡണ്ട് ഡോ. നടുവട്ടം സത്യശീലനും ജനറൽ സെക്രട്ടറി എ. മാധവനും അനുശോചിച്ചു.

പരപ്പ – മണിയൻകൊല്ലി റൂട്ടിൽ ബസ് സർവീസ് ആരംഭിച്ചു

ആലക്കോട്: മലയോര മേഖലയിലെ ജനങ്ങളുടെ ചിരകാല സ്വപ്നം പൂവണിയിച്ച് കാർത്തികപുരം മണിയൻകൊല്ലി-പരപ്പ-തേർത്തല്ലി-കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസ് സർവീസ് ആരംഭിച്ചു. മണിയൻകൊല്ലി പാലം പൂർത്തിയായതിന് ശേഷം കാർത്തികപുരം-പരപ്പ-രയരോം മേഖലകളെ ബന്ധിപ്പിച്ച് ബസ് സർവീസ് ആരംഭിക്കണമെന്ന് നാട്ടുകാർ ഏറെക്കാലമായി ആവശ്യപ്പെട്ടുവരികയായിരുന്നു. ബസിന് മണിയൻകൊല്ലി പാലത്തിന് സമീപം നാട്ടുകാർ സ്വീകരണം നൽകി. പഞ്ചായത്ത് മെമ്പർ ഡെയ്സി ചെറിയാൻ ഉദ്ഘാടനം ചെയ്തു.

ഡി. സോൺ വോളിബോൾ മൽസരത്തിൽ ജേതാക്കളായ പരിയാരം മെഡിക്കൽ കോളേജ് ടീം പരിശീലകൻ പി.പി. ബിനീഷിനൊപ്പം

വോളിബോൾ; പരിയാരം മെഡിക്കൽ കോളേജ് ജേതാക്കൾ

കണ്ണൂർ: ആരോഗ്യ സർവ്വകലാശാലാ ഡി-സോൺ കായികമേളയിൽ പുരുഷ വിഭാഗം വോളിബോൾ മൽസരത്തിൽ പരിയാരം മെഡിക്കൽ കോളേജ് ജേതാക്കളായി. ഫൈനൽ മൽസരത്തിൽ മലബാർ മെഡിക്കൽ കോളേജ് കാലിക്കറ്റിനെയാണ് പരാജയപ്പെടുത്തിയത്. നാല് സെറ്റ് നീണ്ട പോരാട്ടത്തിൽ 22-25, 25-20, 25-22, 25-19 സ്കോറിലാണ് പരിയാരം ചാമ്പ്യൻമാരായത്.

ജനുവരി 20 വരെ നീളുന്ന ഡി- സോൺ കായികമേളയിൽ ബാസ്ക്കറ്റ്ബോൾ, വോളിബോൾ, ഫുട്ബോൾ മൽസരങ്ങളാണ് പരിയാരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ നടക്കും. 25 ടീമുകൾ മൽസരിക്കുന്ന ഫുട്ബോൾ മൽസരത്തിന് 15ന് തുടക്കമാവും.

സംസ്ഥാനത്ത് നാല് സോണുകളായാണ് ആരോഗ്യ സർവ്വകലാശാല മൽസരം നടക്കുന്നത്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലെ മെഡിക്കൽ, ഡന്റൽ, ഫാർമസി, നേഴ്സിംഗ്, പാരാമെഡിക്കൽ കോളേജുകളാണ് ഡി-സോൺ മൽസരത്തിൽ ഏറ്റുമുട്ടുന്നത്. സോണൽ മൽസരങ്ങളിൽ ആദ്യ നാല് സ്ഥാനത്തെത്തുന്ന ടീമുകൾക്കാണ് ജനുവരി മൂന്നാംവാരത്തിൽ നടക്കുന്ന സംസ്ഥാന സർവ്വകലാശാല കായികമേളയിൽ മൽസരിക്കാൻ സാധിക്കുക.

റേഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് കെ.എസ്.ടി.എ

ആലക്കോട്: റേഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നും തയ്യൽ തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതികളിൽ ഉൾപ്പെടുത്തണമെന്നും ആലക്കോട് ചേർന്ന കേരള സ്റ്റേറ്റ് ടെയ്ലേഴ്സ് അസോസിയേഷൻ തളിപ്പറമ്പ് താലൂക്ക് കൺവെൻഷൻ ആവശ്യപ്പെട്ടു. പി.കെ. പ്രകാശന്റെ അധ്യക്ഷതയിൽ സി.ഐ.ടി.യു നേതാവ് എം.കെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.

കെ.എസ്.ടി.എ സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.പി. ദിനേശൻ, കെ. രാജൻ, ലാലു കുന്നപ്പള്ളി, വി.എൻ. വിശ്വനാഥൻ പ്രസംഗിച്ചു. ജില്ലാ പ്രസിഡണ്ട് കാരായി സുരേഷ് ചികിത്സാ സഹായ നിധി വിതരണം ഉദ്ഘാടനം ചെയ്തു. ലീലാമ്മ പൗലോസ് സ്വാഗതവും എം.വി. സീമ നന്ദിയും പറഞ്ഞു.

കെ.എസ്.ടി.എ തളിപ്പറമ്പ താലൂക്ക് കൺവെൻഷൻ എം.കെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

ലൂയിസ് ബ്രെയിലി ദിനം

കണ്ണൂർ: സമദൃഷ്ടി ക്ഷമതാ വികാസ് മണ്ഡൽ ജില്ലാ കമ്മിറ്റിയുടെയും കുന്നാവ് ദുർഗ്ഗാംബികാ വിദ്യാനികേതന്റെയും സംയുക്താഭിമുഖ്യത്തിൽ ലൂയിസ് ബ്രെയിലി ദിനം ആചരിച്ചു. പ്രധാന അധ്യാപിക ലീനയുടെ അധ്യക്ഷതയിൽ സക്ഷമ ജില്ലാ അധ്യക്ഷ ഡോ. പ്രമീള ജയറാം ഉദ്ഘാടനം ചെയ്തു. ടി.ഒ.രാജേഷ് ബ്രെയിലി അനുസ്മരണം നടത്തി.

ബ്രെയിൻ ലിപിയെ ജില്ലാ സെക്രട്ടറി വിനോദ്കുമാർ പരിചയപ്പെടുത്തി. എ.രാംപ്രകാശ്, ജ്യോതികുമാർ, രഘുപ്രസാദ് സംസാരിച്ചു. നന്ദന സ്വാഗതവും നിരഞ്ജന നന്ദിയും പറഞ്ഞു.

സർക്കാർ ജീവനക്കാർക്ക് ഡി.എ കുടിശിക അനുവദിക്കണം

കണ്ണൂർ: കേരളത്തിലെ സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കും 2016 ജൂലായ് മാസം മുതൽ കുടിശികയായ മൂന്ന് ശതമാനം ക്ഷാമബത്ത എത്രയും വേഗത്തിൽ അനുവദിക്കണമെന്ന് കേരള എൻ.ജി.ഒ അസോസിയേഷൻ ബ്രാഞ്ച് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ബ്രാഞ്ച് പ്രസിഡണ്ട് മഹേഷ് കുറ്റ്യാട്ടൂർ അധ്യക്ഷത വഹിച്ചു. പ്രദീപ്കുമാർ, ഗംഗാധരൻ, മോഹൻകുമാർ, അഷ്റഫ് ഇരിവേരി, ഷനീജ്, മോഹനൻ മാസ്റ്റർ, വിമല, ജോയ് ഫ്രാൻസിസ്, ഉഷ കുമാരി, സതീഷ്കുമാർ പ്രസംഗിച്ചു.

ഏര്യം കൈരളി ക്ലബ് വാർഷികം ആഘോഷിച്ചു

ഏര്യം: കൈരളി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് 15-ാം വാർഷികവും പുതുവൽസരാഘോഷവും സംഘടിപ്പിച്ചു. സാംസ്കാരിക സമ്മേളനം കടന്നപ്പള്ളി - പാണപ്പുഴ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി. അജിത ഉദ്ഘാടനം ചെയ്തു. പൊയിൽ രാജൻ അധ്യക്ഷത വഹിച്ചു. വൽസൻ പീലിക്കോട് മുഖ്യപ്രഭാഷണം നടത്തി. തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം. ലക്ഷ്മണൻ ഉപഹാര സമർപ്പണവും നിർവഹിച്ചു. സി.പി. ബാബുരാജ് മാസ്റ്റർ സംസാരിച്ചു. ടി.വി. രാജേഷ് സ്വാഗതവും എം. പ്രകാശൻ നന്ദിയും പറഞ്ഞു. വിവിധ പരിപാടികളും അരങ്ങേറി.

മണിയൻകൊല്ലി റൂട്ടിൽ സർവീസ് ആരംഭിച്ച കെ.എസ്.ആർ.ടി.സി ബസിന് നാട്ടുകാർ സ്വീകരണം നൽകുന്നു

അധ്യാപക അവാർഡ് തുകയുമായി കാരുണ്യനിധി

കണ്ണൂർ: സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ച തളാപ്പ് മിക്സഡ് യു.പി സ്കൂൾ പ്രധാന അധ്യാപകൻ കെ.കരുണാകരൻ മാസ്റ്റർ അവാർഡ് തുകയുമായി സ്കൂളിൽ ആരംഭിച്ച കാരുണ്യ ഫണ്ട് അർബൻ ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റായി മാറ്റി. പ്രധാന അധ്യാപകന് ലഭിച്ച പത്തായിരം രൂപക്ക് പുറമെ സ്കൂൾ പി.ടി.എ സ്വരൂപിച്ച ഒരു ലക്ഷം രൂപയും രണ്ട് രക്ഷിതാക്കളും നൽകിയ തുകയാണ് നിക്ഷേപമായി നൽകിയിട്ടുള്ളത്. പത്ത് ലക്ഷം രൂപവരെ സ്വരൂപിച്ച് ഈ തുകയിൽ നിന്നും ലഭിക്കുന്ന പലിശ ഉപയോഗിച്ച് തളാപ്പ് സ്കൂളിലെ നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ഉൾപ്പെടെ നൽകുകയെന്ന ലക്ഷ്യം വെച്ചാണ് പദ്ധതി ആവിഷ്ക്കരിച്ചത്. സ്കൂളിൽ നടന്ന ചടങ്ങിൽ അർബൻ ബാങ്ക് പ്രസിഡണ്ടും എം.ആർ.എസ് ട്രസ്റ്റ് ചെയർമാനുമായ കെ.പ്രമോദ്, ഹെഡ്മാസ്റ്റർ കെ.കരുണാകരൻ, അർബൻ ബാങ്ക് ജനറൽ മാനേജർ പി.രൂപ, പി.ടി.എ പ്രസിഡണ്ട് എം.പി.രാജേഷ്, സ്റ്റാഫ് സെക്രട്ടറി സുചിത്ര സംബന്ധിച്ചു.

തളാപ്പ് സ്കൂളിൽ പ്രധാന അധ്യാപകൻ കെ.കരുണാകരൻ മാസ്റ്റർക്ക് ലഭിച്ച അവാർഡ് തുക കാരുണ്യനിധിയിലേക്ക് അർബൻ ബാങ്ക് ജനറൽ മാനേജർ പി.രൂപ സ്വീകരിക്കുന്നു

കോട്ടൂർ യുവധാര വോളി 15 മുതൽ

ശ്രീകണ്ഠപുരം: കോട്ടൂർ യുവധാര വോളി 15 മുതൽ 20 വരെ ശ്രീകണ്ഠപുരം നഗരസഭാ ഫ്ളഡ്ലിറ്റ് സ്റ്റേഡിയത്തിൽ നടക്കും. സി. കുഞ്ഞിരാമൻ മാസ്റ്റർ മെമ്മോറിയൽ റോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള വോളിബോൾ 15ന് വൈകുന്നേരം ആറിന് പി.കെ. ശ്രീമതി എം.പി. ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ദിനത്തിൽ ഫൈറ്റേഴ്സ് പാണപ്പുഴയും പേരാവൂർ ജിമ്മി ജോർജ്ജും ഏറ്റുമുട്ടും. 16ന് രാത്രി ഏഴിന് മട്ടന്നൂർ പി.ആർ.എൻ.എസ്.എസ് കോളേജും യുവധാര കോട്ടൂരും ഏറ്റുമുട്ടും. ഫ്രണ്ട്സ് കാഞ്ഞങ്ങാട്, എ.ആർ.സി. കണ്ണൂർ തുടങ്ങിയ ടീമുകളും മൽസരത്തിനെത്തും. 20ന് ഫൈനൽ നടക്കും.

ബഹു. തളിപ്പറമ്പ മോട്ടോർ ആക്സിഡന്റ് ക്ലയിംസ് ട്രിബ്യൂണൽ മുമ്പാകെ

O.P.M.V No.1085/2016

കെ.ജെ.ബോബൻ : ഹരജിക്കാരൻ
ജിജോ തോമസ് മുതൽ പേർ : എതൃകക്ഷികൾ
നെല്ലിയാനിയിൽ വിൽസൺ,
മണ്ഡളം പി.ഒ, നടുവിൽ അംശം,
തളിപ്പറമ്പ താലൂക്ക്, കണ്ണൂർ ജില്ല } 2-ാം എതൃകക്ഷി

മേൽ നമ്പറിലെ ഹരജിക്കാരൻ 20-01-2016ന് KL-59H-3341 നമ്പർ മോട്ടോർ സൈക്കിൾ ഓടിച്ചു പോകവേ, മണ്ഡളം പള്ളിയുടെ മുന്നിൽ വെച്ച് 2-ാം എതൃകക്ഷിയുടെ ഉടമസ്ഥതയിലുള്ളതും 1-ാം എതൃകക്ഷി ഓടിച്ചതുമായ KL-59H-5414 നമ്പർ ജീപ്പ് ഇടിച്ചതിനാൽ ഹരജിക്കാരന് സാരമായി പരിക്കുപറ്റി ചികിത്സയിൽ കഴിയുകയും തുടർന്ന് ഹരജിക്കാരൻ നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഈ കോടതി മുമ്പാകെ മേൽ KL-59H-5414 നമ്പർ ജീപ്പിന്റെ ഡ്രൈവറെയും ഉടമസ്ഥനെയും 1, 2 എതൃകക്ഷികളാക്കിയും, ഇൻഷൂറൻസ് കമ്പനിയെ 3-ാം എതൃകക്ഷിയാക്കിയും ബോധിപ്പിച്ച മേൽ കേസ്, 2-ാം എതൃകക്ഷി പേരിലുള്ള നോട്ടീസ് കൽപന പതിച്ചു നടത്താൻ കൽപിച്ച് 10-01-2017ന് വെച്ചിരിക്കുന്നു അതിനാൽ ടി തീയതിക്ക് കാലത്ത് 11 മണിക്ക് 2-ാം എതൃകക്ഷി നേരിട്ടോ വക്കീൽ മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി മേൽ കേസ് കാര്യം തീർപ്പ് കൽപിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്,
കൽപന പ്രകാരം
ഡാനിഷ് ലൂക്കോസ്
ഹരജിക്കാരൻ ഭാഗം അഡ്വക്കറ്റ്